**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **23-01-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് സംഭരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിച്ച ഇനത്തിൽ കെ.എം.എസ്.സി.എൽ. നിലവിൽ എത്ര കോടി രൂപ കമ്പനികൾക്ക് കുടിശ്ശിക നൽകുവാനുണ്ട്; വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;</td><td>(എ)</td><td>സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിച്ച ഇനത്തിൽ കെ.എം.എസ്.സി.എൽ. നിലവിൽ 693,78,70,740/- രൂപ(അറുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി എഴുപത്തി എട്ട് ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ്റി നാൽപത് രൂപ) മരുന്നു വിതരണ കമ്പനികൾക്ക് നൽകാനുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><table><tr><th>വർഷം</th><th>തുക</th></tr><tr><td>2020-21</td><td>6,93,07,044</td></tr><tr><td>2021-22</td><td>8,86,57,167</td></tr><tr><td>2022-23</td><td>9,97,38,948</td></tr><tr><td>2023-24</td><td>284,74,96,536</td></tr><tr><td>2024-25</td><td>383,26,71,045</td></tr><tr><td>ആകെ</td><td>693,78,70,740</td></tr></table></td></tr>
<tr><td>(ബി)</td><td>കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ മൂന്നുമാസത്തോളം വൈകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ സാഹചര്യം സംസ്ഥാനത്ത് മരുന്ന് ക്ഷാമത്തിന് കാരണമായിത്തീരുമോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ വൈകിയിട്ടില്ല.<br>എല്ലാ വർഷവും നവംബർ-ഡിസംബർ മാസങ്ങളിലാണ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നു സംഭരണത്തിനായുള്ള ദർഘാസുകൾ ക്ഷണിക്കുന്നത്. അതനുസരിച്ച് 2025-26 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ ജനറിക് മരുന്നുകൾക്കുള്ള ദർഘാസുകൾ 27.12.2024 ന് ക്ഷണിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ടെൻഡർ നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; കുടിശ്ശിക ലഭിക്കാത്തതിനാൽ പല കമ്പനികളും ടെൻഡർ നടപടികളിൽ നിന്നും</td><td>(സി)</td><td>2025-26 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ ജനറിക് മരുന്നുകൾക്കുള്ള ദർഘാസുകൾ 27.12.2024 ന് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | വിട്ടുനിൽക്കുന്നത് ഉയർന്ന വിലയ്ക്ക് മരുന്ന് വാങ്ങേണ്ട സാഹചര്യത്തിലേക്ക് നയിക്കുമോ; വ്യക്തമാക്കുമോ; | | കുടിശ്ശിക നൽകേണ്ടതുണ്ടെങ്കിലും മരുന്നു സംഭരണത്തിനായി കോർപ്പറേഷൻ ക്ഷണിച്ച ടെണ്ടറിൽ മരുന്നു കമ്പനികൾ പങ്കെടുക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല. |
| (ഡി) | മരുന്ന് സംഭരണത്തിലേയും വിതരണത്തിലേയും ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | 2025-26 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ ജനറിക് മരുന്നുകൾക്കുള്ള ദർഘാസുകൾ 27.12.2024 ന് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.<br>കുടിശ്ശിക നൽകേണ്ടതുണ്ടെങ്കിലും മരുന്നു സംഭരണത്തിനായി കോർപ്പറേഷൻ ക്ഷണിച്ച ടെണ്ടറിൽ മരുന്നു കമ്പനികൾ പങ്കെടുക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ